# ആർ.ബി.ഐ നാണയങ്ങൾ വിതരണം ചെയ്യുന്നതിനായി ഏജൻസികളെ ഏർപ്പാടാക്കുന്നു

2002, ആഗസ്റ്റ് 29

നാണയങ്ങളുടെ വിതരണം പരീക്ഷണാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിനായി ആർ.ബി.ഐ. ഏജൻസികളിൽ നിന്നും അപേക്ഷ ക്ഷണിച്ചിരിക്കുന്നു. നാണയ വിതരണം ഏറ്റെടുക്കുന്ന ഏജൻസികൾക്ക് സേവന ചാർജ്ജ് നൽകുമെന്ന് ആർ.ബി.ഐ. പ്രസ്താവിച്ചിട്ടുണ്ട്. ആർ.ബി.ഐ.യുടെ കൗണ്ടറുകളിൽ നിന്നും എടുക്കുന്ന ഓരോ നാണയസഞ്ചിയ്ക്കും 250/- ക പ്രകാരം സേവന ചാർജ് നൽകുന്നതാണ്. എന്നാൽ നാണയങ്ങൾ ചാർജോ കമ്മീഷനോ ഈടാക്കാതെ അതിന്റെ മുഖവിലയ്ക്കു തന്നെ പൊതുജനങ്ങൾക്ക് നൽകേണ്ടതാണ്. 1ക, 2ക, 5ക എന്നിവ കൂടാതെ 50 പൈസയുടെയും 25 പൈസയുടെയും നാണയങ്ങൾ ലഭിക്കുന്നതായിരിക്കും.

പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ ബാങ്കുകൾ, പ്രാദേശിക ഗ്രാമീണ ബാങ്കുകൾ, പ്രശസ്തമായ ദേശീയ/പ്രാദേശിക സാമൂഹ്യക്ഷേമ സംഘടനകൾ (സർക്കാർ സഹായത്തോട് കൂടിയവയാണെങ്കിൽ ഉത്തമം) എന്നിവ പോലുള്ള ഏജൻസികൾക്ക് അവരുടെ കക്ഷികൾക്ക്/പൊതുജനത്തിന് നാണയങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തനം ഏറ്റെടുക്കുന്നതിനായി ആർ.ബി.ഐ.യെ സമീപിക്കാം. എന്നിരുന്നാലും തിരഞ്ഞെടുക്കപ്പെട്ട ഏജൻസികൾ ചില വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ആർ.ബി.ഐ. യുടെ കൗണ്ടറിൽ നിന്നും ഇവ എടുക്കുമ്പോൾ നാണയസഞ്ചിയുടെ മുഴുവൻ വിലയും നൽകേണ്ടതാണെന്നതാണ് ഒരു വ്യവസ്ഥ. ഓരോ നാണയസഞ്ചിയുടെയും മൂല്യം താഴെ പറയുന്നവയാണ്.

| | |
|---|---|
| 25 പൈസ | 1250/- ക |
| 50 പൈസ | 2500/- ക |
| 1 രൂപ | 2500/-ക |
| 2 രൂപ | 5000/-ക |
| 5 രൂപ | 10,000/- ക |

ഓരോ മാസത്തിലും യഥാർഥത്തിൽ എടുത്തിട്ടുള്ള കറൻസി കണക്കാക്കി ഒരു സഞ്ചിയ്ക്ക് 250/- ക എന്ന തോതിൽ ആർ.ബി.ഐ. സേവന ചാർജ് നൽകുന്നതാണ്. എന്നാൽ കൊണ്ടുപോകുന്നതിനുള്ള വാഹനം, സെക്യൂരിറ്റി ഏർപ്പാടുകൾ എന്നിവ ഏജൻസികൾ അവരുടെ ചെലവിൽ നടത്തേണ്ടതാണ്.

തുടക്കത്തിൽ ആറുമാസത്തേക്ക് ഈ സൗകര്യം നൽകുന്നുണ്ട്.

ഇത് വളരെ സൂക്ഷ്മമായി തിരഞ്ഞെടുക്കുന്ന ഏജൻസികൾക്ക് മാത്രമായിരിക്കു

മെന്ന് ആർ.ബി.ഐ. പ്രസ്താവിച്ചിട്ടുണ്ട്. ഏജൻസികളുടെ മുൻകാല പ്രവർത്തന റിക്കോർ ഡിന്റെ അടിസ്ഥാനത്തിലായിരിക്കും അവരെ തിരഞ്ഞെടുക്കുന്നത്. തുടക്കത്തിലുള്ള കാലാവധി കഴിഞ്ഞാൽ യഥാർഥത്തിൽ പൊതുജനത്തിന് നടത്തിയ നാണയവിതരണ ത്തിന്റെ അടിസ്ഥാനത്തിലായിരിക്കും ഈ സൗകര്യം പുതുക്കി നൽകുക. ഏതുസമയത്തും ഒരു മാസത്തെ നോട്ടീസ് നൽകിക്കൊണ്ട് ഈ സൗകര്യം റദ്ദാക്കാനുള്ള അവകാശം ആർ.ബി.ഐയ്ക്കാണ്. ഈ സൗകര്യം നിർത്തുന്നതുൾപ്പെടെ ഈ പദ്ധതിയുടെ എല്ലാ ഘടകങ്ങളുടെയും കാര്യത്തിൽ ആർ.ബി.ഐ.യുടെ തീരുമാനം അന്തിമമായിരിക്കും.

തല്പരരായ സ്ഥാപനങ്ങളോട് അഹമ്മദാബാദ്, ബാംഗ്ളൂർ, ഭോപ്പാൽ, ഭുവനേശ്വർ, ചണ്ഡിഗഢ്, ചെന്നൈ, ഗോഹട്ടി, ഹൈദരാബാദ്, ജയ്പൂർ, ജമ്മു, കാൺപൂർ, കൊൽക്കത്ത, നാഗ്പൂർ, ന്യൂഡൽഹി, മുംബൈ നവി മുംബൈ (ബെലാപൂർ), പാറ്റ്ന, തിരുവനന്തപുരം എന്നിവിടങ്ങളിലെ പ്രാദേശിക ഡയറക്ടർമാരെയോ അല്ലെങ്കിൽ ചീഫ് ജനറൽ മാനേജർ, ഡിപ്പാർട്ട്മെന്റ് ഓഫ് കറൻസി മാനേജ്മെന്റ്, ഭാരതീയ റിസർവ് ബാങ്ക്, കേന്ദ്ര കാര്യാലയം, മുംബൈ 400 001 എന്ന വിലാസത്തിലോ ബന്ധപ്പെടണമെന്ന് ആർ.ബി.ഐ. അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇത്തരുണത്തിൽ, നാണയങ്ങൾ ജനങ്ങൾക്കെത്തിക്കുന്നതിനായുള്ള ഒരു മാർഗ്ഗമെന്ന നിലയിൽ മഹാരാഷ്ട്രയിലും ഗോവയിലുമുള്ള പോസ്റ്റാഫീസുകൾ മുഖാന്തിരം വിതരണം നടത്തുന്നതിനായി മുംബൈയിലെ പോസ്റ്റൽ അധികൃതരുമായും ഹിമാചൽ പ്രദേശിലെ ഹിമാചൽ പ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുമായും ആർ.ബി.ഐ. ഒരു പങ്കാളിത്തം ഉണ്ടാക്കിയിട്ടുള്ളത് സ്മരണീയമാണ്.

**അൽപനാ കില്ലാവാല**<br>
ജനറൽ മാനേജർ

പ്രസ് റിലീസ്: 2002-2003/230